©
കേരള സർക്കാർ
Government of Kerala
2014

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2012-14

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 3<br>Vol. III | തിരുവനന്തപുരം, തിങ്കൾ<br>Thiruvananthapuram, Monday | 2014 ജൂൺ 30<br>30th June 2014<br>1189 മിഥുനം 16<br>16th Mithunam 1189<br>1936 ആഷാഢം 9<br>9th Ashadha 1936 | നമ്പർ<br>No. 1680 |

## കേരള സർക്കാർ

### സാംസ്കാരിക കാര്യ (സി) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (കൈയെഴുത്ത്) നമ്പർ 21/2014/സാം.കാ.വ. തിരുവനന്തപുരം, 2014 ജൂൺ 12 / 1189 ഇടവം 29.

**എസ്. ആർ. ഒ. നമ്പർ 388/2014.**—2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിലെ (2011-ലെ 6) 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 2013 ജനുവരി 8-ാം തീയതിയിലെ സ. ഉ. (കൈയെഴുത്ത്) നമ്പർ 1/2013/സാം.കാ.വ. പ്രകാരം രൂപീകരിച്ച് 2013 മാർച്ച് 27-ാം തീയതിയിലെ 909-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 246/2013 ആയി വിജ്ഞാപനം ചെയ്ത 2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതിക്ക് സർക്കാർ ഇതിനാൽ താഴെ പറയും പ്രകാരമുള്ള ഭേദഗതി വരുത്തുന്നു, അതായത്:—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്
33/2761/2014/S-18.

## പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ പദ്ധതിക്ക് 2014-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി (ഭേദഗതി) പദ്ധതി എന്ന പേര് പറയാം.

(2) ഈ പദ്ധതിക്ക് 2013 ജനുവരി 8 മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

2. പദ്ധതിയുടെ ഭേദഗതി.—2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതിയിലെ 3-ാം ഖണ്ഡികയിലെ (2)-ാം ഉപഖണ്ഡികയ്ക്ക് കീഴിലുള്ള ക്ലിപ്ത നിബന്ധനയിലെ "ഒരു വർഷത്തിനകം" എന്ന വാക്കുകൾക്കുപകരം "രണ്ടു വർഷത്തിനകം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

റാണി ജോർജ്ജ്,

*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിലെ 7-ാം വകുപ്പിനു കീഴിലുള്ള ക്ലിപ്ത നിബന്ധന പ്രകാരം, 60 വയസ്സു കഴിഞ്ഞ കലാ സാംസ്കാരിക പ്രവർത്തകർക്ക് അഞ്ച് വർഷത്തെ അംശാദായം ഒറ്റത്തവണയായി അടച്ച് ക്ഷേമനിധിയിൽ അംഗമാകാൻ വ്യവസ്ഥയുണ്ട്. 2013 മാർച്ച് 27-ാം തീയതിയിലെ 909-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച് എസ്. ആർ. ഒ. നമ്പർ 246/2013 ആയി വിജ്ഞാപനം ചെയ്ത 2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതിയിലെ 3-ാം ഖണ്ഡിക (2)-ാം ഉപഖണ്ഡികയിലെ ക്ലിപ്ത നിബന്ധന പ്രകാരം, മേൽ വിഭാഗത്തിൽപ്പെട്ട കലാ സാംസ്കാരിക പ്രവർത്തകർ പദ്ധതി നിലവിൽ വന്ന തീയതി മുതൽ ഒരു വർഷത്തിനകം അംഗത്വത്തിനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. എന്നാൽ കലാ സാംസ്കാരിക രംഗത്തെ വിവിധ സംഘടനകളുടെ അഭ്യർത്ഥന കണക്കിലെടുത്ത് 60 വയസ്സ് കഴിഞ്ഞ കലാ സാംസ്കാരിക പ്രവർത്തകർക്ക്, കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി അംഗത്വത്തിനായി അപേക്ഷിക്കുന്നതിനുള്ള കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു നൽകുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ഉദ്ദേശ്യം നിറവേറ്റുന്നതിനു വേണ്ടിയുള്ളതാണ് ഈ വിജ്ഞാപനം.

---